# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## ഗവ:യു.പി സ്കൂൾ.ചിറ്റൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവ: യു.പി.സ്കൂൾ ചിറ്റൂർ

---

## ഉള്ളടക്കം


- ആമുഖം
- വിദ്യാലയ വിവരങ്ങൾ
- വിദ്യാർത്ഥി വിവരങ്ങൾ
- നേട്ടങ്ങൾ , പരിമിതികൾ , പൊതുലക്ഷ്യങ്ങൾ
- അക്കാദമിക മികവിനായി നടപ്പിലാക്കുന്ന പദ്ധതികൾ
- പൊതുലക്ഷ്യങ്ങൾ
- പ്രവർത്തന വിശദാംശങ്ങൾ
- ഉപസംഹാരം


### ആമുഖം

പാലക്കാട് ജില്ലയിലെ ,പാലക്കട് വിദ്യാഭ്യാസ ജില്ലയിലെ ,ചിറ്റൂർ ഉപജില്ലയിലെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനമാണ് ജി യു പി എസ് ചിറ്റൂർ. ചിറ്റൂർ തത്തമംഗലം നഗരസഭയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന 125 വർഷം പൂർത്തിയായ ഈ വിദ്യാലയം 1896 ൽ ക്രിസ്ത്യൻ മിഷനറിമാരുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചു. നഗരസഭയിലെ പ്രായം ചെന്ന മൂന്നാമത്തെ വിദ്യാലയമായ ഇവിടെ തുടക്കത്തിൽ എൽ.പി.വിഭാഗം മാത്രമായിരുന്നു പ്രവർത്തിച്ചു വന്നത്.സെന്റ് ആന്റണി സ്കൂൾ എന്നാണ് ഈ വിദ്യാലയം മുൻകാലങ്ങളിൽ അറിയപ്പെട്ടത് എന്ന് പൂർവ വിദ്യാർഥികൾ സാക്ഷ്യപ്പെടുത്തുന്നു.

ഓരോ കുട്ടിയുടെയും അറിവും കഴിവും പ്രായവും പരിഗണിച്ചുകൊണ്ട് അക്കാദമികമായി ആർജ്ജിക്കാവുന്ന ശേഷികളുടെ പരമോന്നതിയിൽ എത്തിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് . ഓരോ വിഷയത്തിലും ഏറ്റെടുത്തു നടപ്പിലാക്കാൻ കഴിയുന്ന ഹ്രസ്വദീർഘകാല ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നത് .സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമികമായ വളർച്ചയ്ക്ക് ഇത് സഹായകമാകും എന്ന വിശ്വാസത്തോടെ ഈ രേഖ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവ: യു.പി.സ്കൂൾ ചിറ്റൂർ

### വിദ്യാലയ വിവരങ്ങൾ




വിദ്യാലയത്തിന്റെ പേര് - ഗവ:യു.പി സ്കൂൾ ചിറ്റൂർ
വിദ്യാലയ കോഡ് - 21346
യുഡൈസ് കോഡ് - 32060400101
മുൻസിപ്പാലിറ്റി -ചിറ്റൂർ തത്തമംഗലം
പോസ്റ്റ് ഓഫീസ് -ചിറ്റൂർ
വിദ്യാഭ്യാസ ജില്ല -പാലക്കാട്
ഉപജില്ല -ചിറ്റൂർ
ജില്ല -പാലക്കാട്
ഫോൺ -04923221096
ഇ -മെയിൽ -chitturgups@gmail.com
നിയോജകമണ്ഡലം -ചിറ്റൂർ
പാർലമെന്റ് മണ്ഡലം -ആലത്തൂർ
ആകെ കുട്ടികൾ - 115
ആകെ അധ്യാപകർ - 9

## വിദ്യാർത്ഥി വിവരങ്ങൾ

| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1 | 08 | 04 | 12 |
| 2 | 03 | 11 | 14 |
| 3 | 07 | 07 | 14 |
| 4 | 05 | 02 | 07 |
| 5 | 18 | 05 | 23 |
| 6 | 16 | 11 | 27 |
| 7 | 13 | 05 | 18 |
| ആകെ | 70 | 45 | 115 |

## നേട്ടങ്ങൾ

- കഴിഞ്ഞ വർഷങ്ങളിലെ അഡ്മിഷനിലെ വർദ്ധനവ്
- ശാസ്ത്രമേള ,കലാമേള ,കായികമേള എന്നിവയിലെ മികച്ച വിജയം
- കരാട്ടെ, യോഗ പരിശീലനങ്ങൾ
- പ്രവർത്തനാധിഷ്ഠിത പഠനം
- വ്യക്തിഗത ശ്രദ്ധ
- മികച്ച ലൈബ്രറി
- പഠന പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം
- കലാകായിക പ്രവർത്തി പരിചയ പരിശീലനം
- അവധിക്കാല പരിശീലനം
- എൽ.എസ്.എസ്, യു.എസ്.എസ് പ്രത്യേക പരിശീലനം

## പരിമിതികൾ

- കുട്ടികൾക്ക് കായിക പരിശീലനത്തിനുള്ള ഗ്രൗണ്ടിന്റെ അഭാവം
- ഭാഷാ വിഷയങ്ങളിൽ പിന്നോക്ക അവസ്ഥയിൽ നിൽക്കുന്ന നിശ്ചിത ശതമാനം കുട്ടികൾ.
- ഒരു ചെറിയ ശതമാനം കുട്ടികൾക്ക് നിലനിൽക്കുന്ന അനുചിതമായ കുടുംബ സാഹചര്യങ്ങൾ
- സർഗാത്മക പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കാനുള്ള വേദിയുടെ അഭാവം
- കമ്പ്യൂട്ടർ ലാബിനും , ലൈബ്രറിക്കും പ്രത്യേക റൂം ഇല്ലാത്ത അവസ്ഥ.

## അക്കാദമിക മികവിനായി നടപ്പിലാക്കുന്ന പദ്ധതികൾ

- സംയുക്ത ഡയറി (കുട്ടികളുടെ സ്വതന്ത്ര രചനാ ശേഷി വികാസത്തിന്)
- സചിത്ര പുസ്തകം (കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരും ആക്കി മാറ്റുന്നത്)
- പാട്ടരങ്ങ് (ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവും ആകുന്നു)
- ശാസ്ത്ര മൂല (ശാസ്ത്ര പഠനത്തിൽ താല്പര്യമുണർത്താൻ)
- വായനാ മൂല (വായനയിലുള്ള താൽപര്യം ഉണർത്താൻ)
- ഗണിത കേളി (സംഖ്യാബോധം ചതുഷ്ക്രിയ എന്നിവ ഉറപ്പിക്കാൻ)
- Creative writing quest
- മീഠി ഹിന്ദി (ഹിന്ദി ഭാഷയിൽ താൽപര്യം ഉണർത്താൻ )
- ഗണിത പൂക്കളം (ജാമിതീയ രൂപങ്ങൾ കൊണ്ടുള്ള പൂക്കളം)

## പൊതുലക്ഷ്യങ്ങൾ

| |
|---|
| ഭാഷ,ശാസ്ത്രം, ഗണിതം ,സാമൂഹ്യശാസ്ത്രം, ആരോഗ്യ കായികം, പ്രവർത്തി പരിചയം, ടാലെന്റ് ലാബ് എന്നിവയിലെ ശേഷി വികസനം |

## മലയാളം

- പ്രൈമറി തലം കഴിയുമ്പോഴേക്കും മലയാളഭാഷയിൽ അർത്ഥപൂർണ്ണമായി വായിക്കുവാനും എഴുതുവാനും എല്ലാ കുട്ടികൾക്കും കഴിയുന്നു.
- നാലാം ക്ലാസിലെ എല്ലാ കുട്ടികളും അക്ഷരത്തെറ്റില്ലാതെ മലയാള ഭാഷ കൈകാര്യം ചെയ്യുന്നു.
- ഏഴാം തരം കഴിയുമ്പോഴേക്കും എല്ലാ കുട്ടികൾക്കും ആശയ ഗ്രഹണത്തോടുകൂടി ഭാഷയിൽ എഴുതാനും വായിക്കാനും കഴിയുന്നു.
- ഭാഷാ വികസനത്തിനായി സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തുന്നു.
- വിവിധ സർഗാത്മക പ്രവർത്തനങ്ങളിലൂടെ ഭാഷാ വികാസം സാധ്യമാക്കുന്നു.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ലളിതമായ വാക്യങ്ങൾ വായിച്ച് ആശയം ഗ്രഹിക്കാൻ പ്രൈമറി തരത്തിലെ കുട്ടികൾക്ക് കഴിയുന്നു.
- യു.പി തലത്തിൽ എല്ലാ കുട്ടികളും ആശയം ഉൾക്കൊണ്ട് ഇംഗ്ലീഷ് വായിക്കുന്നു.
- മൂന്നു മുതൽ ഏഴ് വരെയുള്ള കുട്ടികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ താൽപര്യം വളർത്തുന്നു.
- സർഗാത്മക പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ നടത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.

## ഹിന്ദി

- യു.പി തലത്തിലെ എല്ലാ കുട്ടികളെയും ഹിന്ദി വായനയിലേക്ക് എത്തിക്കുന്നു
- യു.പി തലത്തിൽ എല്ലാ കുട്ടികളെയും ഹിന്ദി ഭാഷയിൽ സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാപ്തമാക്കുന്നു

## ഗണിതം

- ഗണിതത്തിലെ അടിസ്ഥാനശേഷികൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുന്നു
- ഗണിത പഠനം ആകർഷകമാക്കുന്നു

## ശാസ്ത്രം

- എൽ.പി, യു.പി തലങ്ങളിൽ ശാസ്ത്രം രസകരമാക്കുന്നതിനായി പരീക്ഷണ കിറ്റുകളും ലാബ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നു.
- പാഠഭാഗങ്ങളിലെ ആശയങ്ങളുടെ വ്യക്തതക്കായി ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു.
- ശാസ്ത്രത്തിൻറെ രീതി സ്വായത്തമാക്കാൻ സഹായിക്കുന്നു.

## സാമൂഹ്യശാസ്ത്രം

- സാധ്യമായ ദിനാചരണങ്ങൾ അക്കാദമി പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നു.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- എൽ.പി കുട്ടികൾക്ക് അനുയോജ്യമായ ചെറു കളികളും, കായിക പരിശീലനവും നൽകുന്നു.
- എല്ലാ കുട്ടികളിലും ശാരീരിക ക്ഷമത ഉറപ്പുവരുത്തുന്നതിനായി കായികക്ഷമത പരീക്ഷ നടത്തുന്നു.
- കായിക മത്സരങ്ങളിൽ മികവ് കാണിക്കുന്നവരെ പ്രത്യേകം കണ്ടെത്തി പരിശീലിപ്പിക്കുന്നു

## പ്രവർത്തി പഠനം

- പഠനത്തോടൊപ്പം ചില നൈപുണികൾ കുട്ടികളിൽ വളർത്തുന്നു (ഫയൽ നിർമ്മാണം, എൽഇഡി ബൾബ് നിർമ്മാണം, കൃഷി, ബുക്ക് ബൈൻഡിങ് )

## പ്രത്യേക ഊന്നലുകൾ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിയുള്ള പഠന പ്രവർത്തനങ്ങൾ
- രണ്ടുമാസത്തിലൊരിക്കൽ ക്ലാസ് പി.ടി.എ കൾ.
- കരാട്ടെ,യോഗ പരിശീലനം.

# എൽ.പി വിഭാഗം

മേഖല - മലയാളം

ചുമതല - ക്ലാസ് ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | നാലാം തരത്തിലെ എല്ലാ കുട്ടികളും സ്വതന്ത്രമായി വായിക്കുന്നതിനും, കഥകൾ സ്പഷ്ടതയും,ഒഴുക്കും ഉള്ള ശൈലിയിൽ ഭാവാത്മകമായി വായിക്കുന്നതിനുമുള്ള ശേഷി നേടുന്നതിന്. | • വായനാ മൂല<br>• വായന കാർഡുകൾ<br>• പ്രാദേശിക ലൈബ്രറിയിലെ അംഗത്വം എടുക്കൽ<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• പുസ്തകപരിചയം<br>• പത്രവായന<br>• ആനുകാലിക വായന<br>• ഇ-വായന | ജൂൺ മുതൽ മാർച്ച് വരെ |
| 2 | നാലാം ക്ലാസിലെ എല്ലാ കുട്ടികളും അക്ഷര തെറ്റില്ലാതെ സ്വതന്ത്ര രചന നടത്തുന്നതിനും തങ്ങളുടെ അനുഭവങ്ങളും,കണ്ട കാഴ്ചകളും സർഗാത്മകമായി വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നതിന് | • കഥാരചന<br>• കവിതാരചന<br>• സർഗാത്മക ഡയറി<br>• പത്രവാർത്ത തയ്യാറാക്കൽ<br>• കയ്യെഴുത്തു മാസിക<br>• ചുമർ പത്രിക തയ്യാറാക്കൽ<br>• യാത്രാവിവരണം<br>• അനുഭവക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ |
| 3 | നാലാം തരത്തിലെ കുട്ടികൾ പാഠപുസ്തകത്തിലെ | • താളം തിരിച്ചറിയൽ<br>• കാവ്യോത്സവം | ജൂൺമുതൽ വേണ്ട |

| | | | |
|---|---|---|---|
| | കവിതകൾക്ക് പുറമെ പുതിയ പാട്ടുകൾ കവിതകൾ വായ്ത്താരികൾ എന്നിവ കണ്ടെത്തി ഈണം നൽകി അവതരിപ്പിക്കുന്നതിനും, താളം തിരിച്ചറിഞ്ഞ് പുതിയ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും | • പാട്ടരങ്ങ് | സന്ദർഭങ്ങളിൽ |
| 4 | കവിതകൾ , പാട്ടുകൾ എന്നിവയുടെ ആശയം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന് | • കാവ്യാവിഷ്കാരം<br>• ദൃശ്യാവിഷ്കാരം<br>• റോൾപ്ലേ | ജൂൺ രണ്ടാം വാരം മുതൽ യൂണിറ്റ് ഉടനീളം |
| 5 | മലയാള സാഹിത്യം കൂടുതൽ അറിയുന്നതിനും സാഹിത്യകാരന്മാരുടെ പങ്കു തിരിച്ചറിയുന്നതിനും | • സാഹിത്യകാരന്മാരുടെ ജന്മദിനം, ചരമദിനം തുടങ്ങിയ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>• പാഠ ഭാഗങ്ങളിലെ എഴുത്തുകാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>• സാഹിത്യ ക്വിസ്<br>• പുസ്തക പരിചയം | ജൂൺ മുതൽ മാർച്ച് വരെ |
| 6 | വിവിധ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഭാഷാശേഷി വികസിപ്പിക്കുന്നതിന് | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഓഡിയോ , വീഡിയോ പ്രദർശനം | • ജൂൺ മുതൽ മാർച്ച് വരെ |
| 7 | നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | • ഭക്ഷ്യമേള<br>• പാചകക്കുറിപ്പുകൾ അടങ്ങിയ പതിപ്പ്<br>• ക്ലാസ്സിൽ ഒരു സദ്യ | നവംബർ ഡിസംബർ മാസങ്ങൾ |
| 8 | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അടുത്തറിയൽ | • പ്രാദേശിക കലാകാരന്മാരെ പരിചയപ്പെടൽ<br>• വിവിധ കലാരൂപങ്ങളുടെ പ്രദർശനം | ഡിസംബർ ജനുവരി മാസങ്ങൾ |

| | | | |
|---|---|---|---|
| | | • കലാ ആൽബം തയ്യാറാക്കൽ | |
| 9 | ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നതിന്. | • സർഗ്ഗ വേള<br>• ക്ലാസ് പിടിഎ യോഗങ്ങൾ<br>• പഠനോത്സവം<br>• വാർഷികാഘോഷം | ആഴ്ചയിൽ ഒരു ദിവസം, ക്ലാസ് PTA യോഗങ്ങൾ നടക്കുമ്പോൾ, ഫെബ്രുവരി മാർച്ച് മാസങ്ങളിൽ |

മേഖല - ഇംഗ്ലീഷ്

ചുമതല - ക്ലാസ് ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | • To speak, read and write English without making any mistakes<br>• Empowering reading ability | • Introduces simple picture description, word chain,sentene chain<br>• Write diary daily<br>• Organising reader corner<br>• Writing reading notes<br>• Providing material related Hello English | Througho ut the year |
| 2 | • An opportunity to speak English with confidence | • Let's talk - inter acting with the talented<br>• English Bala Sabha<br>• Reading competition, writing competition,presenting skills | Througho ut the year |

| | | | |
|---|---|---|---|
| 3 | • Develop the skills of listening,speaking,reading,and writing | • Conduct assembly in English | Throughout the year |
| 4 | • Simple words, simple sentences,add more lines,description -make sure these are in the children | • Simple words introducing provide picture cards gives a familiar magic picture card<br>• Enjoy songs and sing them with rhythm and action<br>• Read and write simple words and simple sentences.<br>• Provide picture cards and reading cards | Throughout the year |
| 5 | • An Opportunity to speak English with confidence | • Creating situations relating speech throughout conversation | Getting situations |

മേഖല - പരിസരപഠനം

ചുമതല - ക്ലാസ് ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവർ ആക്കുക | • പ്രകൃതി നടത്തം<br>• ഫീൽഡ് ട്രിപ്പ്<br>• പ്രകൃതി നിരീക്ഷണ<br>• ICT മുഖേന പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാണാൻ അവസരം | ജൂൺ |
| 2 | ശാസ്ത്ര പഠനം ലളിതവും രസകരവും | • ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | വർഷം മുഴുവൻ |

| | | | |
|---|---|---|---|
| | ആക്കാൻ | • ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>• ശാസ്ത്ര പ്രതിഭകളെ അടുത്തറിയൽ<br>• ശാസ്ത്ര മാസികകൾ<br>• വാനനിരീക്ഷണം കേന്ദ്രം സയൻസ് പാർക്ക് എന്നിവ സന്ദർശിക്കൽ<br>• പരിസര പഠനത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ചെയ്യൽ | |
| 3 | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • ശാസ്ത്ര പതിപ്പ്, ചാർട്ട് ,ആൽബം പഠനോപകരണം പരീക്ഷണം എന്നിവയുടെ പ്രദർശനം<br>• ജൈവവൈവിധ്യ പാർക്ക് | ജൂൺ മുതൽ ഫെബ്രുവരി വരെ |
| 4 | പ്രകൃതി വിഭവ സംരക്ഷണം | • ജലസ്രോതസ്സുകൾ സംരക്ഷണം<br>• പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>• പരിസ്ഥിതി ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ |
| 5 | നിരീക്ഷണം - അറിവ് നിർമാണം | • പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം |
| 6 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | • പ്രകൃതി നടത്തം | ഒരു ദിവസം |
| 7 | ഭൂപട വായന സൂചിക - പരിചയം | • ഭൂപട രചന, സൂചിക നിർമ്മാണം | വർഷത്തിൽ ഒന്ന് |
| 8 | ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തൽ | • വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് എന്നിവ സന്ദർശിക്കൽ | വർഷത്തിൽ ഒന്ന് |
| 9 | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • ശാസ്ത്ര പതിപ്പ്, ചാർട്ട് , ആൽബം , പഠനോപകരണം , പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിൽ ഒന്ന് |

മേഖല - ഗണിതം

ചുമതല - ക്ലാസ് ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • കുട്ടികൾ പിന്നോക്കമായി കാണുന്ന പഠന നേട്ടങ്ങൾ കണ്ടെത്തുന്നു<br>• മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>• സങ്കലനം, വ്യവകലനം,ഗുണനം, ഹരണം എന്നിവയുടെ വർക്ക് ഷീറ്റ് നൽകൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ |
| 2 | സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു | • സംഖ്യാ കാർഡുകൾ നൽകുന്നു<br>• മഞ്ചാടി സഞ്ചി നിർമ്മിക്കുന്നു | വർഷം മുഴുവൻ |
| 3 | ഗണിത രൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയൽ | • ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ<br>• ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ<br>• ചുറ്റുപാടുമുള്ള ഗണിതരൂപങ്ങളെ പരിചയപ്പെടുത്തൽ | വർഷം മുഴുവൻ |
| 4 | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം<br>• ക്ലോക്ക് നിർമാണം<br>• സ്കെയിൽ നിർമ്മാണം ഗുണന | ആവശ്യാനുസരണം |

| | | | |
|---|---|---|---|
| | | വസ്തുത കാർഡ് നിർമ്മാണം<br>● ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതക്രിയകളിൽ ഏർപ്പെടൽ<br>● ഗണിത ക്യാമ്പ് | |
| 5 | ഗണിത ചിന്താശേഷി വളർത്തൽ | ● കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ<br>● പ്രശ്നോത്തരി<br>● ഗണിത പഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തി കളി നോട്ട് ഉപയോഗിക്കൽ | വർഷത്തിൽ ഒന്ന് |

# യു.പി വിഭാഗം

മേഖല - മലയാളം

ചുമതല - മലയാളം ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം.ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | • പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു<br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി,ആസ്വാദനം എന്നിവ വളർത്തുന്നു<br>• വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ |
| 2 | പഠിതാവിൽ അർഥ പൂർണമായ വായന ഉറപ്പുവരുത്തുക | • ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| 3 | സാഹിത്യകൃതികളോടും , സാഹിത്യകാരോടും ഉള്ള മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | • നവമാധ്യമങ്ങളുടെ സഹായത്താൽ വാർത്തകൾ വായിക്കുന്നു.<br>• ഓരോ മാസത്തിലെയും പ്രധാന സംഭവങ്ങൾ, സ്കൂൾ ലൈബ്രറി പുസ്തകങ്ങളിൽ എന്നിവ അടിസ്ഥാനമാക്കി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| 4 | കുട്ടികളുടെ | • സാഹിത്യകാരന്മാർ , എഴുത്തുകാർ , | ജൂൺ മുതൽ |

| | | | |
|---|---|---|---|
| | വ്യക്തിഗത രചനകളെ പരിപോഷിപ്പിക്കൽ | കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണം<br>● സുഹൃത്തുക്കൾക്കും,എഴുത്തുകാർക്കും കത്തെഴുതൽ. | മാർച്ച് വരെ |
| 5 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | ● പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂളിലെ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>● ശില്പശാലകൾ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| 6 | ഭാഷയുടെ ശരിയായ രൂപം കേൾക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള അവസരം കുട്ടികൾക്ക് ലഭ്യമാക്കുക | ● ക്ലാസ് റൂം പ്രവർത്തനങ്ങളിൽ നിന്ന് ലഭിക്കുന്ന മികവാർന്ന ഉൽപ്പന്നങ്ങൾ - കഥകൾ,കവിതകൾ ,സ്കൂൾ വാർത്തകൾ ,ചെറുനാടകങ്ങൾ എന്നിവ പൊതുവേദികളിൽ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

മേഖല - ഇംഗ്ലീഷ്

ചുമതല - ഇംഗ്ലീഷ് ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | Ensure all students achieve grade level competencies in reading | ● Listen and enjoy story telling with questions<br>● Use of fairy tales,fables, and simple picture books | June 2024 |

| | | | |
|---|---|---|---|
| 2 | Improve English language proficiency | • Presentation of stories with voice modulation<br>• Sing songs that have rhyming words repetitive phrases | Once in a term |
| 3 | Encourage expressive reading | • Select a book for the group to read and discuss<br>• Focus on themes characters and catching parts<br>• Improve English language proficiency | July 2024 |
| 4 | Increase children's vocabulary | • Readers theatre<br>• Book reviews<br>• Vocabulary games<br>• Role play | Once in a term |
| 5 | Provide opportunity to listen and speak English language properly | • Speech contest<br>• Conversation<br>• Movie reviews | According necessity |
| 6 | Encourages critical thinking | • Organise debate on various topics<br>• Assign themes and rotate it topics regularly | Once in a term |
| 7 | Enables to write English without error | • Encourage children to keep a daily journal<br>• Diary writing<br>• Writing short notes about their thoughts and interests | Throughout the year |
| 8 | Increases conference in the English language | • Writing letters or email<br>• Role play<br>• Conversation<br>• Interactive writing games<br>• Creating comics | Throughout the year |

മേഖല - ഹിന്ദി

ചുമതല - ഹിന്ദി ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | അക്ഷരങ്ങളെ ഇഷ്ടപ്പെടാനും,പരിചയപ്പെടാനും,അക്ഷരബോധം ഉറപ്പിക്കാനും അവസരം ഒരുക്കുന്നു | • വായന കാർഡ്,ചിത്രങ്ങൾ , അക്ഷരമാല ചാർട്ട് , വീഡിയോകൾ എന്നിവയിലൂടെ അക്ഷരങ്ങളെ പരിചയപ്പെടുത്തുന്നു.<br>• തുടർച്ചയായ പരിശീലനത്തിലൂടെ അക്ഷരങ്ങളെ ഉറപ്പിക്കുന്നു | ജൂൺ മുതൽ സെപ്റ്റംബർ വരെ |
| 2 | തെറ്റ് കൂടാതെ ഹിന്ദി വായിക്കുന്നതിനുള്ള പരിശീലനം | • നിരന്തരം കുട്ടിക്കഥകൾ വായിച്ച് കേൾപ്പിച്ച് പുതിയ പുതിയ വാക്കുകൾ കേൾക്കാനും,കഥകൾ വായിക്കാനും ആവശ്യമായ സഹായങ്ങൾ നൽകുക<br>• മത്സര വായന പ്രോത്സാഹിപ്പിക്കുക | ഒക്ടോബർ മുതൽ ഫെബ്രുവരി വരെ |
| 3 | നിത്യജീവിതത്തിൽ ഹിന്ദി ഭാഷ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകത പരിചയപ്പെടുത്തുക.അതിന് കുട്ടികളെ പ്രാപ്തരാക്കുക | • നിർദ്ദേശങ്ങൾ ഹിന്ദിയിൽ മാത്രം നൽകുക<br>• ഹിന്ദിയിൽ പ്രതികരിക്കാൻ ആവശ്യമായ ഭാഷ പരിചയപ്പെടുത്തുക<br>• കാർട്ടൂൺ പ്രദർശനം | ആവശ്യമുള്ള സമയങ്ങളിൽ |

മേഖല - ഗണിതം
ചുമതല - ഗണിത അധ്യാപകൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാന ശേഷി എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുന്നു | • ഓരോ ക്ലാസിലും പ്രീ ടെസ്റ്റ് നടത്തി അടിസ്ഥാന ഗണിത ശേഷിയില്ലാത്ത കുട്ടികളെ കണ്ടെത്തുന്നു<br>• ഇത്തരം കുട്ടികൾക്ക് അനുയോജ്യമായ ഒരു ഗണിത മൊഡ്യൂൾ അക്കാദമിക വർഷാരംഭത്തിൽ തയ്യാറാക്കുന്നു | ജൂൺ |
| 2 | സ്ഥാനവില ഉറപ്പിക്കൽ | • സ്ഥാനവില പോക്കറ്റ് കളികൾ<br>• കൂട്ടങ്ങൾ ആക്കൽ | ആവശ്യാനുസരണം |
| 3 | സംഖ്യാബോധം ഉറപ്പിക്കൽ | • സംഖ്യകൾ ക്രമത്തിൽ ആക്കൽ<br>• വിട്ടുപോയ സംഖ്യ കണ്ടെത്തൽ<br>• ആരോഹണക്രമം അവരോഹണ ക്രമം<br>• സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതൽ<br>• റോമൻ സംഖ്യകൾ<br>• സംഖ്യാ വ്യാഖ്യാനം | ആവശ്യാനുസരണം |
| 4 | ചതുഷ്ക്രിയ ഉറപ്പിക്കൽ | • കച്ചവടം<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• മാന്ത്രിക ചതുരം<br>• മനക്കണക്ക്<br>• സ്ഥാനവില | ആഴ്ചയിൽ ഒരു പിരീയഡ് |
| 5 | ഗണിതത്തിൽ താൽപര്യം ജനിപ്പിക്കൽ | • പാറ്റേൺ വിശകലനം<br>• ജാമിതീയ രൂപങ്ങൾ വരയ്ക്കൽ<br>• ഗ്രൂപ്പ് ആക്റ്റിവിറ്റി<br>• ഗണിത ക്വിസ് | മാസത്തിൽ ഒരുതവണ |

| | | | |
|---|---|---|---|
| | | • കച്ചവടക്കളികൾ | |
| 6 | പ്രശ്നാപഗ്രഥനം | • നിത്യജീവിതമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>• കുടുംബ ബജറ്റ് തയ്യാറാക്കൽ<br>• കറണ്ട് ബില്ല് കുറയ്ക്കാനുള്ള സർവ്വേ | പാഠഭാഗങ്ങൾക്ക് അനുസരിച്ച് |
| 7 | രൂപങ്ങൾ തിരിച്ചറിയൽ | • ചുറ്റുപാടുമുള്ള വസ്തുക്കളെ തരംതിരിക്കൽ (ത്രികോണം, വൃത്തം , ചതുരം)<br>• രൂപങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത ചിത്രങ്ങൾ ഉണ്ടാക്കൽ<br>• രൂപങ്ങൾ വരയ്ക്കൽ,നിറം കൊടുത്തു ഭംഗിയാക്കൽ | പാഠഭാഗങ്ങൾക്ക് അനുസരിച്ച് |
| 8 | രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും | • ഗണിത ശിൽപ്പശാല<br>• ഒറിഗാമിയിലൂടെ വിവിധ രൂപങ്ങൾ ഉണ്ടാക്കാനുള്ള പരിശീലനം നൽകൽ,അവയുടെ ഗണിത സവിശേഷതകൾ കണ്ടെത്തൽ | ഒക്ടോബർ |
| 9 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഗണിതശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്ന | • പാഠഭാഗങ്ങൾ വിശദീകരിക്കുന്നതിന് ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക<br>• ജിയോജിബ്ര ഉപയോഗിച്ച് ജാമിതീയ രൂപങ്ങൾ വരയ്ക്കുക<br>• വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ | പാഠഭാഗങ്ങൾക്ക് അനുസരിച്ച് |

മേഖല - ശാസ്ത്രം
ചുമതല - ശാസ്ത്ര അധ്യാപിക

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ശാസ്ത്രാശയങ്ങൾ രസകരമായി കുട്ടികൾ സ്വാംശീകരിക്കുന്നു | • ലാബ് ശാക്തീകരണം<br>• ലഘുപരീക്ഷണങ്ങൾ<br>• നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തൽ<br>• വാനനിരീക്ഷണം<br>• പഠനോപകരണ ശില്പശാല | ജൂൺ മുതൽ മാർച്ച് വരെ |
| 2 | ശാസ്ത്ര പഠനം ICT സാധ്യതകളിലൂടെ | • പാഠ ഭാഗങ്ങളുടെ വിശദമായ ICT വിഭവങ്ങൾ കണ്ടെത്തുക<br>• പ്രൊജക്ടർ ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| 3 | സർഗാത്മകതയിലൂടെ ശാസ്ത്ര ആശയങ്ങൾ സ്വാംശീകരിക്കുന്നു | • റീൽസ് , ഷോർട്ട് ഫിലിം , ശാസ്ത്രനാടകം, നൃത്ത സംഗീത ശില്പം, ഡിജിറ്റൽ പോസ്റ്റർ മേക്കിങ് എന്നിവ ചെയ്യാനുള്ള അവസരം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| 4 | നേരിട്ടുള്ള പഠനത്തിനാവശ്യമായ ഫീൽഡ് ട്രിപ്പ് | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ അറിയുന്നതിനായി ഈ ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു<br>• ഫീൽഡ് ട്രിപ്പിന്റെ അനുഭവക്കുറിപ്പുകളിൽ നിന്ന് മികച്ചവ തിരഞ്ഞെടുത്തു സമ്മാനങ്ങൾ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ |

| | | | |
|---|---|---|---|
| 5 | ശാസ്ത്രത്തിൽ ജിജ്ഞാസ ഉണർത്തൽ | • രസകരമായി ചെയ്യാവുന്ന ശാസ്ത്ര പരീക്ഷണങ്ങൾ മാജിക്കിന്റെ രൂപത്തിൽ അവതരിപ്പിക്കുന്നു.<br>• ശാസ്ത്ര ക്വിസ്സുകൾ<br>• ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• പോസ്റ്റർ നിർമ്മാണ മത്സരം | ജൂൺ മുതൽ മാർച്ച് വരെ |

മേഖല - സാമൂഹ്യശാസ്ത്രം

ചുമതല - സാമൂഹ്യശാസ്ത്രം അധ്യാപിക

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ , ആശയങ്ങൾ എന്നിവ പരിശോധിക്കൽ നേടിയെടുക്കൽ. | • സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികളുടെ മുന്നറിയി പരിശോധിക്കുന്നതിനായി വ്യത്യസ്തമായ പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ |
| 2 | കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുക | • ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സന്ദർശനം<br>• ചരിത്രവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം | പാഠഭാഗത്തിനനുസരിച്ച് |
| 3 | ജനാധിപത്യപരമായ സമീപനം രൂപപ്പെടുത്തുക | • 5, 6 ,7 ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം<br>• പതിപ്പ് നിർമ്മാണം<br>• ക്വിസ് മത്സരം<br>• സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് | ജൂൺ മുതൽ മാർച്ച് വരെ |
| 4 | സുസ്ഥിര വികസന | • കാവുകൾ തണ്ണീർത്തടങ്ങൾ | ആവശ്യാനുസര |

| | | | |
|---|---|---|---|
| | കാഴ്ചപ്പാട് രൂപപ്പെടുത്തുന്ന | കണ്ടൽക്കാടുകൾ ജലാശയങ്ങളിൽ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തിയ റിപ്പോർട്ട് തയ്യാറാക്കുന്ന | ണം |
| 5 | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ ബോധവാന്മാരാക്കുന്ന | • പരിശീലനം ലഭിച്ച വിദഗ്ധരുടെ ക്ലാസുകൾ<br>• മോക് ഡ്രില്ലുകൾ | വർഷത്തിൽ ഒരുതവണ |
| 6 | വിവരസാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും,റോഡ് സുരക്ഷയെപ്പറ്റിയും കുട്ടികളെ ബോധവാന്മാരാക്കുന്ന | • ബോധവൽക്കരണ ക്ലാസുകൾ | വർഷത്തിൽ ഒരുതവണ |
| 7 | കുട്ടികളിലെ ആന്വേഷണാത്മകത വളർത്തൽ | • സെമിനാറുകൾ<br>• പ്രൊജക്റ്റ് വർക്കുകൾ | ഡിസംബർ മുതൽ മാർച്ച് വരെ |

മേഖല - കലാ പഠനം

ചുമതല ക്ലാസ് അധ്യാപകൻ, കലാ അധ്യാപകൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | കുട്ടികളിലെ നൈസർഗികമായ കലാവാസനകളെ പ്രോത്സാഹിപ്പിക്കുക,ഭിന്നശേഷിയുള്ള കുട്ടികളെ പഠന പ്രവർത്തനങ്ങളിൽ | • വരയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്ന<br>• വിവിധ വിഷയങ്ങൾ | അക്കാദമി വർഷം മുഴുവനും |

| | | | |
|---|---|---|---|
| | തൽപരരാക്കുക | നൽകി ചിത്രരചനകൾ നടത്തുന്നു<br>● കുട്ടികളിൽ ഉൾപ്പെടുത്തി വിവിധ ഗ്രൂപ്പുകൾ നിർമ്മിക്കുന്നു<br>● തുടർച്ചയായ പരിശീലനം നൽകുന്നു<br>● ചിത്രരചന ക്യാമ്പ് സംഘടിപ്പിക്കുന്നു<br>● മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു | |

മേഖല - പ്രവർത്തി പഠനം

ചുമതല - ക്ലാസ് അധ്യാപകൻ,**WE** ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | സമൂഹത്തിന് പ്രയോജനപ്രദമായ സേവനങ്ങളിലേക്ക് /ഉൽപ്പന്ന നിർമിതിയിലേക്ക് കുട്ടികളെ നയിക്കുക | ● കുട്ടികൾക്ക് ആവശ്യമായ ഫയൽ<br>● നിർമ്മിച്ച ഫയൽ പോർട്ട് ഫോളിയോ ആയി കുട്ടികൾ ഉപയോഗപ്പെടുത്തുന്നു.<br>● പച്ചക്കറി തോട്ടം നിർമ്മാണം<br>● ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>● ചിരട്ട തെങ്ങോല എന്നിവ കൊണ്ട് അലങ്കാരവസ്തുക്കളുടെ | ജൂൺ മുതൽ മാർച്ച് വരെ |

| | | | |
|---|---|---|---|
| | | നിർമ്മാണം | |
| 2 | പഠനത്തോടൊപ്പം തൊഴിൽ നൈപുണികൾ കൂടി കരസ്ഥമാക്കുക | • തൊഴിൽ ശാല സന്ദർശനം<br>• നോട്ടുപുസ്തകം നിർമ്മാണം<br>• കുട നിർമ്മാണം<br>• ഫ്രൂട്ട് സലാഡ് തയ്യാറാക്കൽ<br>• ചന്ദനത്തിരി നിർമ്മാണം<br>• സോപ്പ് നിർമ്മാണം<br>• ചോക്ക് | ജൂൺ മുതൽ മാർച്ച് വരെ |
| 3 | കുട്ടികൾക്ക് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി പ്രവർത്തിസമയങ്ങൾ ആഹ്ലാദകരവും ഉത്സാഹപ്രദവും ആക്കുക | • ഓരോ മേഖലയിലും താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു<br>• ആഴ്ചയിൽ രണ്ടുദിവസം ഒരു മണിക്കൂർ വീതം പരിശീലനത്തിനായി നീക്കി വയ്ക്കുന്നു<br>• അതോടൊപ്പം അക്കാദമിക ഉയർച്ചയും ലക്ഷ്യം വയ്ക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |

മേഖല **-** പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ
ചുമതല **-** ക്ലാസ് ടീച്ചർ,**IED** ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിയുള്ള പഠന പ്രവർത്തനങ്ങൾ | • ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തി അവരുടെ കഴിവുകൾ തിരിച്ചറിയുന്നു.<br>• പാഠഭാഗങ്ങൾ പ്രത്യേകം അനുരൂപീകരണം നടത്തുന്നു<br>• ICT യുടെ ഉപയോഗം<br>• പ്രത്യേക മൂല്യനിർണയ പ്രവർത്തനങ്ങൾ | അക്കാദമിക വർഷം മുഴുവനും |

മേഖല - കായിക പഠനം
ചുമതല - കായിക അധ്യാപകൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | കായിക പരിശീലനത്തിലൂടെയും പഠനത്തിലൂടെയും നല്ല ആരോഗ്യ ശീലങ്ങൾ വളർത്തുന്നതിനും,കായിക ഇനങ്ങളെ കുറിച്ച് അറിയുന്നതിനും | • കായിക വിനോദങ്ങൾ മത്സരങ്ങളായി നടത്തുന്നു<br>• കായിക മത്സരങ്ങളിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു<br>• വിവിധ വ്യായാമ പ്രവർത്തനങ്ങളിലൂടെ കായിക ക്ഷമത കൈവരിക്കാനുള്ള അവസരം നൽകുന്നു.<br>• വിവിധ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |

## അക്കാദമിക മാസ്റ്റർ പ്ലാനിനു വേണ്ട പിന്തുണ

വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങളും സാമ്പത്തിക പിന്തുണ PTA,SMC,OSA,മുനിസിപ്പാലിറ്റി,ജനപ്രതിനിധികൾ,പൗര പ്രമുഖർ എന്നിവരുടെ സഹായത്തോടെ കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നു

## ഉപസംഹാരം

ചിറ്റൂർ ഗവൺമെൻറ് യു.പി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്.കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായംകൊണ്ട് സ്കൂളിന് സാധിക്കും എന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.

നന്ദി

